**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവള റൺവെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവള റൺവെ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ ഭരണാനുമതി നൽകിയതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>14.50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഏകദേശ ചെലവ് എത്രയെന്നും, ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനും ഏകദേശ ചെലവ് എത്രയെന്നും കണക്കാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാം എന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശം.<br><br>എന്നാൽ കോഴിക്കോട് വിമാനത്താവളം 2022-2025 വർഷങ്ങളിൽ മോണിട്ടൈസേഷനുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. സംസ്ഥാന സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏതു രീതിയിൽ തിരിച്ചുതരും എന്ന കാര്യത്തിൽ വ്യക്തതയില്ല എന്നതും പ്രസക്തമാണ്. |
| (ബി) | റൺവേയ്ക്ക് സമമായി ഭൂമി നിരപ്പാക്കി നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>14.50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഏകദേശ ചെലവ് എത്രയെന്നും, ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനും ഏകദേശ ചെലവ് എത്രയെന്നും കണക്കാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാം എന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശം.<br><br>എന്നാൽ കോഴിക്കോട് വിമാനത്താവളം 2022-2025 വർഷങ്ങളിൽ മോണിട്ടൈസേഷനുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. സംസ്ഥാന സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏതു രീതിയിൽ തിരിച്ചുതരും എന്ന കാര്യത്തിൽ വ്യക്തതയില്ല എന്നതും പ്രസക്തമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കുന്നത്; എങ്കിൽ ഇതിന് എത്ര തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന് ആവശ്യമായ തുക കണ്ടിൻജൻസി ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ ഭരണാനുമതി നൽകിയതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>14.50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഏകദേശ ചെലവ് എത്രയെന്നും, ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനും ഏകദേശ ചെലവ് എത്രയെന്നും കണക്കാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാം എന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശം.<br><br>എന്നാൽ കോഴിക്കോട് വിമാനത്താവളം 2022-2025 വർഷങ്ങളിൽ മോണിട്ടൈസേഷനുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. സംസ്ഥാന സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏതു |

| | | | |
|---|---|---|---|
| | | | രീതിയിൽ തിരിച്ചുതരും എന്ന കാര്യത്തിൽ വ്യക്തതയില്ല എന്നതും പ്രസക്തമാണ്. |

സെക്ഷൻ ഓഫീസർ